ഉത്തരം

(എ&ബി) കൊല്ലം ജില്ലാ ആയുർവ്വേദ ആശുപത്രി ഉൾപ്പെടെ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് എന്നീ 5 ജില്ലാ ആശുപത്രികൾ 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിന് നടപ്പു സാമ്പത്തിക വർഷം ബഡ്ജറ്റിൽ 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ഭക്ഷ്യ സുരക്ഷാ നിയമം അനുസരിച്ചുള്ള പരിശോധന

22 (711) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ നിയമം അനുസരിച്ച് പരിശോധന നടത്തി കുറ്റക്കാർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ബി) പിഴ മാത്രം ഈടാക്കുന്നത് ഇത്തരം കുറ്റങ്ങൾ ആവർത്തിക്കുന്നതിനുള്ള പ്രവണത വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത്തരം പ്രവണതകൾ അവസാനിപ്പിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) ഭക്ഷ്യ സുരക്ഷാ നിയമം 2006 അനുസരിച്ച് ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ സംസ്ഥാനത്തുടനീളം പരാതികളുടെ അടിസ്ഥാനത്തിൽ പരിശോധനകൾ നടത്തുകയും സംസ്ഥാനത്ത് വിപണനം നടത്തുന്ന ഭക്ഷ്യോൽപ്പന്നങ്ങളുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കി നിശ്ചിത ഗുണനിലവാരം ഇല്ലാത്തതോ മായം ചേർത്തതായോ കണ്ടെത്തുന്നപക്ഷം 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമവും അനുബന്ധ ചട്ടങ്ങളിലും അനുശാസിക്കുംപ്രകാരം നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി&സി) പരിശോധിച്ചിട്ടുണ്ട്. അത്തരത്തിൽ നിരന്തരമായ കുറ്റങ്ങൾ ആവർത്തിച്ച് കണ്ടെത്തിയ ഉല്പന്നങ്ങൾക്കെതിരെ നിരോധന നടപടികളുടക്കം സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly